# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിനഞ്ച്

## വിശക്കുന്നവരുടെ ആവശ്യം-
## ജീവന്റെ പോഷണം

## (1)

Mon

യോഹന്നാന്റെ സുവിശേഷം ചിത്രങ്ങളുടെ ഒരു പുസ്തകമാണ്. അത് ദിവ്യജീവനെക്കുറിച്ചും ദിവ്യജീവന്റെ പ്രവൃത്തികളെക്കുറിച്ചും പറയുന്നു. ദിവ്യജീവനും അതിന്റെ പ്രവൃത്തികളും, ആത്മീയ കാര്യങ്ങളാണ്. മനുഷ്യഭാഷയിൽ അവ വിശദീകരിക്കുവാൻ പ്രയാസമായതിനാൽ, ലളിതമായ വാക്കുകളാൽ മാത്രമല്ല, അടയാളങ്ങളാലും തന്റെ സുവിശേഷം എഴുതുവാൻ അപ്പൊസ്തലനായ യോഹന്നാന് കർത്താവിൽനിന്ന് ജ്ഞാനം ലഭിച്ചു. ലളിതമായ വാക്കുകൾ അപര്യാപ്തമായതിനാൽ, അടയാളങ്ങളും ചിത്രങ്ങളും യോഹന്നാൻ ഉപയോഗിച്ചു. ഒരർത്ഥത്തിൽ, ഓരോ സംഭവവും ഒരു ചിത്രമാണ്. അഞ്ചാം അദ്ധ്യായത്തിൽ, ശക്തിഹീനനായ മനുഷ്യനെ ചൈതന്യവത്ക്കരിക്കുന്ന വ്യക്തമായ ചിത്രം നാം കണ്ടു. വിശക്കുന്നവരുടെ ആവശ്യവും ജീവന്റെ പോഷണവും നമ്മെ കാണിക്കുന്ന മറ്റൊരു ചിത്രം ആറാം അദ്ധ്യായത്തിൽ നമുക്കുണ്ട്.

### I. വിശക്കുന്ന ലോകവും പോഷിപ്പിക്കുന്ന ക്രിസ്തുവും

യോഹന്നാൻ ആറാം അദ്ധ്യായം 1 മുതൽ 15 വരെയുള്ള വാക്യങ്ങൾ വിശക്കുന്ന ലോകത്തെയും പോഷിപ്പിക്കുന്ന ക്രിസ്തുവിനെയും നമുക്ക് വെളിപ്പെടുത്തിത്തരുന്നു.

#### A. അഞ്ചാം അദ്ധ്യായത്തിൽ മുൻപറഞ്ഞ സംഭവവുമായുള്ള വ്യത്യാസം

ആറാം അദ്ധ്യായത്തിലെ സംഭവം നമ്മുടെ അവസ്ഥയിൽ നാം എവിടെയാണെന്ന് വെളിപ്പെടുത്തുന്ന ഒരു രംഗം ചിത്രീകരിക്കുന്നു.

അഞ്ചാം അദ്ധ്യായത്തിലെ സംഭവത്തിന് ആറാം അദ്ധ്യായത്തിലേ തിൽനിന്ന് ശ്രദ്ധേയമായ ഒരു വ്യത്യാസമുണ്ട്. അഞ്ചാം അദ്ധ്യായ ത്തിലെ രംഗം വിശുദ്ധ നഗരത്തിലാണ്, എന്നാൽ ആറാം അദ്ധ്യായ ത്തിലെ രംഗം വിജനസ്ഥലത്താണ്. ഒരു കുളം മുമ്പിലത്തെ സംഭവ ത്തിലുണ്ട്. ഒരു കടൽ ഈ സംഭവത്തിൽ ഉണ്ട്. ആദ്യത്തെ സംഭവ ത്തിലെ ആളുകൾ കുളവുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നീടുള്ള സംഭവത്തിലെ ആളുകൾ കടലുമായി ബന്ധപ്പെട്ടിരിക്കുന്നു. കടൽ, ജനത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, കുളം മത ത്തിന്റെ രോഗസൗഖ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാലാമത്തെ സംഭവത്തിലെ വ്യക്തി രോഗസൗഖ്യവും സഞ്ജീവനവും ആവശ്യ മുള്ള, വളരെ ബലഹീനനായിരുന്നു. എന്നാൽ, അഞ്ചാമത്തെ സംഭ വത്തിലെ ആളുകൾ ഭക്ഷണവും സംതൃപ്തിയും ആവശ്യമായ വിശ പ്പുള്ളവരാണ്. കുളം, യെഹൂദ മതത്തോട് ബന്ധപ്പെട്ടതായതിനാൽ പവിത്രമാണ്; കടൽ മനുഷ്യസമൂഹത്തോട് ബന്ധപ്പെട്ടതായതിനാൽ, ഐഹികമാണ്. കുളക്കരയിലെ വ്യക്തി ശക്തിഹീനനും ജീവന്റെ ചൈതന്യവത്ക്കരണം ആവശ്യമായിരുന്നവനും രോഗസൗഖ്യത്തി നായി കാത്തിരുന്നവനും ആയിരുന്നു. ഈ സംഭവത്തിലെ ആളുകൾ വിശന്നവരും, ജീവന്റെ പോഷണം ആവശ്യമുള്ളവരും പോഷണം വാഞ്ഛിച്ചവരും ആയിരുന്നു.

## B. കടൽ, സാത്താൻ ദുഷിപ്പിച്ച ലോകത്തെ സൂചിപ്പിക്കുന്നു

മുൻകുറി ശാസ്ത്രത്തിൽ, നിലം സൂചിപ്പിക്കുന്നത്, മനുഷ്യന് ജീവിക്കുന്നതിനായി ദൈവം സൃഷ്ടിച്ച ഭൂമിയെയും, കടൽ സൂചിപ്പി ക്കുന്നത്, വീണുപോയ മനുഷ്യവർഗ്ഗം ജീവിക്കുന്നതായ, സാത്താ നാൽ മലിനമാക്കപ്പെട്ട ലോകത്തെയും ആണ്. കടൽ സൂചിപ്പിക്കു ന്നത് സംഘടിതവും വ്യവസ്ഥാപിതവുമായ സാത്താന്യ ലോകത്തെ യാണ്; അവിടെ മനുഷ്യവർഗ്ഗം കർമ്മനിരതരും ബന്ധിതരും ആണ്. ഈ ലോകത്തിൽ മനുഷ്യവർഗ്ഗം വിശന്നവരും അതൃപ്തരും ആണ്. ഈ ലോകത്തിൽ മനുഷ്യവർഗ്ഗം ദുരിതമനുഭവിച്ചും സമാധാനമില്ലാ തെയും ഇരിക്കുന്നു. സാത്താൻ ദുഷിപ്പിച്ച ലോകത്തിൽ ജീവിക്കുന്ന മുഴുവൻ മനുഷ്യവർഗ്ഗത്തെയും ഈ അദ്ധ്യായത്തിലെ രംഗം ചിത്രീ കരിക്കുന്നു. അവർ ദൈവം സൃഷ്ടിച്ച ദേശത്തല്ല ജീവിക്കുന്നത്. സാത്താൻ ദുഷിപ്പിച്ച ലോകത്തിൽ യഥാർത്ഥ സംതൃപ്തിയില്ല; അവിടെ എപ്പോഴും വിശപ്പു മാത്രമേ ഉള്ളൂ. അവിടെ സമാധാനവുമി ല്ല, കാരണം മനുഷ്യന് ദുരിതങ്ങൾ വരുത്തിവച്ചുക്കൊണ്ട് കാറ്റും തിര മാലകളും എല്ലായ്പ്പോഴും കടലിന്മേലുണ്ട്.

### C. മല, അതീതമായ സ്ഥാനത്തെ സൂചിപ്പിക്കുന്നു

മുൻകുറി ശാസ്ത്രത്തിൽ, ഒരു മല അതീതമായ ഒരു സ്ഥാനത്തെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ വെളിപ്പാട് ലഭിക്കുന്നതിന് മോശ ഒരു മലയിലേക്ക് ആനയിക്കപ്പെട്ടു(പുറ.24:12). കർത്താവായ യേശു ഒരു മലയുടെ മുകളിലേക്ക് പോയി, അവിടെ വച്ച് കായാന്തരപ്പെട്ടു(മത്താ.17:1-2). അപ്പൊസ്തലനായ യോഹന്നാനും ഒരു മലയുടെ അതീതമായ സ്ഥാനത്തേക്ക് ആനയിക്കപ്പെട്ടു; അപ്പോൾ പുതിയ യെരുശലേമിനെ സംബന്ധിച്ച ശാശ്വതമായ ദർശനം കണ്ടു(വെളി. 21:10). അതുകൊണ്ട്, ഈ ചിത്രത്തിൽ കടൽ താണ തലത്തിലും മല അതീതമായ സ്ഥാനത്തും ആണ്. കടൽ, സാത്താൻ ദുഷിപ്പിച്ച ലോകത്തെ സൂചിപ്പിക്കുന്നു; മല, ഉന്നതവും അതീതവുമായ സ്ഥാനത്തെ സൂചിപ്പിക്കുന്നു; അവിടെയാണ് ക്രിസ്തു; അവനോടുകൂടെ നാമും അവിടെ ആയിരിക്കണം. കർത്താവ് ജനത്തെ കടലിനടുത്ത് വച്ച് പോഷിപ്പിച്ചില്ല. അവൻ ജനക്കൂട്ടത്തെ ഒരു മലയുടെ മുകളിലേക്ക് നയിച്ചു. ക്രിസ്തുവിനാൽ പോഷിപ്പിക്കപ്പെടുവാനും അവനെക്കൊണ്ട് തൃപ്തിയടയുവാനും നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ, അവനോടൊപ്പം ഒരു ഉയർന്ന ഇടത്തേക്ക് നിങ്ങൾ പോകണം. ക്രിസ്തുവിനെക്കൊണ്ടുള്ള സംതൃപ്തി നാം മലമേൽ ക്രിസ്തുവിലേക്ക് നയിക്കപ്പെടുന്നതിനെയും അവനാൽ പോഷിപ്പിക്കപ്പെടുന്നതിനെയും ആശ്രയിച്ചിരിക്കുന്നു. മല, സാത്താനാൽ മലിനമാക്കപ്പെട്ട ലോകത്തിനും ദൈവസൃഷ്ടിയായ ഭൂമിക്കും, രണ്ടിനും, മുകളിലാണ്. കടലോ ഭൂമിയോ ക്രിസ്തുവിനാൽ പോഷിപ്പിക്കപ്പെടുന്നതിന് നമുക്ക് യോജിച്ച സ്ഥലമല്ല. നമുക്ക് അവനാൽ പോഷിപ്പിക്കപ്പെടണമെങ്കിൽ, നാം സാത്താൻ ദുഷിപ്പിച്ച ലോകത്തിനും ദൈവസൃഷ്ടിയായ ഭൂമിക്കും അതീതരാകണം. നമുക്ക് അവന്റെ പോഷണം ആസ്വദിക്കണമെങ്കിൽ, നാം അവനോടൊത്ത് മലമേൽ ആയിരിക്കണം.

Tue —

### D. പെസഹ വീണ്ടെടുക്കുന്നവനായ ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു

നാലാം വാക്യത്തിൽ പെസഹ, നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി തന്റെ രക്തം ചൊരിയുകയും നമ്മുടെ പോഷണത്തിനുവേണ്ടി തന്റെ മാംസം നൽകുകയും ചെയ്ത വീണ്ടെടുക്കുന്നവനായ ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു(1 കൊരി.5:7). പെസഹാദിനത്തിൽ, ആളുകൾ വീണ്ടെടുക്കുന്ന കുഞ്ഞാടിനെ അറുക്കുകയും അതിന്റെ രക്തം തളിക്കുകയും അതിന്റെ മാംസം ഭക്ഷിക്കുകയും ചെയ്യുന്നു(പുറ.12:3-11). ഇത് നാം ജീവിക്കുന്നതിന്, ജീവസഹായമായി അവനെ ഉള്ളിൽ സ്വീകരിക്കുവാൻ തന്റെ മാംസം നമുക്ക്

ഭക്ഷിക്കുവാനും തന്റെ രക്തം നമുക്ക് പാനം ചെയ്യുവാനുമായി അറുക്കപ്പെട്ട ദൈവത്തിന്റെ വീണ്ടെടുക്കുന്ന കുഞ്ഞാടായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

ഉല്പത്തി 2:9-ൽ ജീവവൃക്ഷം ക്രിസ്തുവിനെ സൂചിപ്പിച്ചു. സസ്യജീവനിൽ പെടുന്ന ജീവവൃക്ഷം, ഉൽപ്പാദിപ്പിക്കുന്നതിനും ജനിപ്പിക്കുന്നതിനും നല്ലതാണ്, എന്നാൽ അതിന് വീണ്ടെടുപ്പിനുള്ള രക്തമില്ല. ഉല്പത്തി 2-ന്റെ സമയത്ത് മനുഷ്യൻ പാപത്തോട് ബന്ധപ്പെട്ടിട്ടില്ലായിരുന്നതിനാൽ വീണ്ടെടുപ്പിന്റെ ആവശ്യമില്ലായിരുന്നു. എന്നാൽ, ഉല്പത്തി 3-ൽ മനുഷ്യൻ വീണു. മനുഷ്യന്റെ വീഴ്ചയ്ക്കു ശേഷം ഉടൻതന്നെ, ആദാമിനെയും ഹൗവ്വയെയും വീണ്ടെടുക്കുന്നതിനും, അവരുടെ നഗ്നത മറയ്ക്കുവാൻ തോലുകൊണ്ടുള്ള ഉടുപ്പുണ്ടാക്കുന്നതിനുമായി, യാഗത്തിനുള്ള കുഞ്ഞാടുകളെ അറുത്തുകൊണ്ട് ദൈവം അതിനോട് ഇടപെടുവാനായി വന്നു (ഉല്പ. 3:21). അങ്ങനെ, വീണുപോയ മനുഷ്യന് ഇനിമേൽ സസ്യജീവൻ പര്യാപ്തമല്ല; ജന്തുജീവൻ ആവശ്യമായി വന്നു. നമുക്ക് ജീവൻ ആവശ്യമായിരിക്കുന്നത്, പോഷണത്തിനുവേണ്ടി മാത്രമല്ല, വീണ്ടെടുപ്പിനുവേണ്ടിയും ആണ്. അതുകൊണ്ട്, യോഹന്നാൻ ആറാം അദ്ധ്യായത്തിൽ നമുക്ക് ആദ്യം സസ്യജീവനിൽ പെടുന്നതും ഭക്ഷിക്കുവാൻ നല്ലതുമായ യവത്തപ്പം ഉണ്ട്. നാം കാണുവാനിരിക്കുന്നതുപോലെ, മനുഷ്യൻ വീണുപോവുകയും അവന് ഭക്ഷണം പോലെതന്നെ വീണ്ടെടുപ്പും ആവശ്യമായി വരുകയും ചെയ്തതുമൂലം, കർത്താവായ യേശു അപ്പത്തെ മാംസമാക്കി മാറ്റി (6:51). മാംസത്തിൽ രക്തം അടങ്ങിയിരിക്കുന്നു, എന്നാൽ അപ്പം യവം കൊണ്ടുണ്ടാക്കിയതാണ്. യവത്തപ്പം സസ്യജീവനിൽപെട്ടതാണ്; എന്നാൽ രക്തത്തോടുകൂടിയ മാംസം ജന്തുജീവനിൽപെട്ടതാണ്. ഒടുവിൽ, യോഹന്നാൻ 6-ൽ ക്രിസ്തുവിനെ കാണിച്ചിരിക്കുന്നത് ജീവവൃക്ഷമായി മാത്രമല്ല, മാംസവും രക്തവും സൂചിപ്പിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായുമാണ്. ദൈവത്തിന്റെ കുഞ്ഞാടിൽ രണ്ടു മൂലകങ്ങളുണ്ട്. വീണ്ടെടുപ്പിനായുള്ള രക്തവും ഭക്ഷണത്തിനായുള്ള മാംസവും. പെസഹയ്ക്ക് ജനം രക്തം തളിക്കുകയും മാസം ഭക്ഷിക്കുകയും ചെയ്തു. ഇന്ന് നാമും അതുപോലെ തന്നെയാണ്. നാം ക്രിസ്തുവിനെ സ്വീകരിക്കുന്നത് ഭക്ഷിക്കുന്നതിലൂടെ ആണെന്നപോലെതന്നെ വീണ്ടെടുപ്പിലൂടെയുമാണ്. അവൻ സസ്യജീവനും ജന്തുജീവനും പോഷിപ്പിക്കുന്ന ജീവനും വീണ്ടെടുക്കുന്ന ജീവനും ആണ്.

## E. അഞ്ച് യവത്തപ്പം ക്രിസ്തുവിന്റെ ജീവന്റെ ജനിപ്പിക്കുന്ന വശം സൂചിപ്പിക്കുന്നു

അപ്പം സസ്യജീവനിൽ നിന്നാകുന്നു എന്നത്, ക്രിസ്തുവിന്റെ ജീവന്റെ ജനിപ്പിക്കുന്ന വശം സൂചിപ്പിക്കുന്നു. ജനിപ്പിക്കുന്ന ജീവൻ

എന്ന നിലയിൽ ക്രിസ്തു നിലത്ത്, ദൈവസൃഷ്ടമായ ഭൂമിയിൽ, വളരുന്നു. നമ്മെ വീണ്ടുംജനിപ്പിക്കുന്നതിനുവേണ്ടി, അവൻ ദൈവ സൃഷ്ടമായ ഭൂമിയിൽ പുനരുത്പാദനത്തിനായി വളർന്നു.

### *1. യവം, ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു*

യവം, ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. തിരുവെഴുത്തുകളിൻപ്രകാരം, പുനരുത്ഥാനത്തിന്റെ ആദ്യഫലത്തെ യവം പ്രതിനിധാനം ചെയ്യുന്നു. ലേവ്യപുസ്തകം 23-ൽ കർത്താവ് തന്റെ ജനത്തോട്, ഓരോ വർഷവും തങ്ങളുടെ വിളവിന്റെ ആദ്യഫ ലങ്ങൾ അർപ്പിക്കുവാൻ പറഞ്ഞു. പാലസ്തീൻ നാട്ടിൽ യവം മറ്റേ തൊരു വിളവിനെക്കാളും നേരത്തേ വിളയുന്നു; അതാണ് ആദ്യത്തെ വിളവ്. അതുകൊണ്ട്, അത് പുനരുത്ഥാനം ചെയ്തവനായ ക്രിസ്തു വിനെ സൂചിപ്പിക്കുന്നു(ലേവ്യ.23:10). അതുകൊണ്ട്, യവം നമ്മുടെ ജീവസഹായമായ, പുനരുത്ഥാനം ചെയ്തവനായ ക്രിസ്തുവിനെ, സൂചിപ്പിക്കുന്നു. ആദ്യഫലമെന്ന നിലയിൽ, അവന് നമ്മുടെ ജീവന്റെ അപ്പമാകുവാൻ കഴിയും. അതുകൊണ്ട്, യവത്തപ്പം നമ്മുടെ ഭക്ഷണ മെന്ന നിലയിൽ പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ പ്രതിനി ധാനം ചെയ്യുന്നു. പോഷിപ്പിക്കുന്നവനായ ക്രിസ്തു പുനരുത്ഥാനം ചെയ്തവനായ ക്രിസ്തു ആണ്.

ക്രിസ്തു അതുവരെയും ക്രൂശിക്കപ്പെട്ടിട്ടില്ലായിരുന്നതുകൊണ്ട് യോഹന്നാൻ 6-ൽ ക്രിസ്തുവിന് എങ്ങനെ പുനരുത്ഥാനത്തിലായി രിക്കുവാൻ കഴിയും, എന്ന് ഒരുപക്ഷേ ചിലർ ചോദിച്ചേക്കാം. അവന്റെ ക്രൂശ്മരണത്തിനു മുമ്പുപോലും ക്രിസ്തു പുനരുത്ഥാനമായിരുന്നു. “ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു” എന്ന് യോഹ ന്നാൻ 11:25-ൽ അവൻ പറഞ്ഞു.“ഞാൻ പുനരുത്ഥാനമാകും”എന്നവൻ പറഞ്ഞില്ല, കാരണം അവൻ അതിനുമുമ്പേ പുനരുത്ഥാനമായിരുന്നു. കർത്താവ് മാർത്തയോട് അവളുടെ സഹോദരൻ ഉയിർത്തെഴു ന്നേൽക്കും എന്നു പറഞ്ഞപ്പോൾ, അവൾ തന്റെ തിരുവെഴുത്തുക ളുടെ ദരിദ്രമായ വ്യാഖ്യാനത്തിലൂടെ പുനരുത്ഥാനത്തെ രണ്ടായിരം വർഷത്തേക്ക്, വരുവാനുള്ള യുഗത്തിലേക്ക്, മാറ്റിവച്ചു. അവൾ അങ്ങനെ ചെയ്തപ്പോൾ കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നി, “ഞാൻ ഇപ്പോൾ പുനരുത്ഥാനമാണ്. നിത്യനായവനായ എനിക്ക് സമയം എന്ന ഘടകമില്ല. ഭൂതകാലവും വർത്തമാനകാലവും ഭാവി കാലവുമെല്ലാം എനിക്ക് ഒരുപോലെയാണ്.” നിത്യമായത്, എന്നാൽ സമയം എന്ന ഘടകം ഇല്ലാത്തത് എന്നാണർത്ഥം. തന്റെ ക്രൂശ്മര ണത്തിനു മുമ്പും പിമ്പും അവൻ പുനരുത്ഥാനം ചെയ്തവനായ ക്രിസ്തുവാണ്. പുനരുത്ഥാനം ചെയ്തവനായ ക്രിസ്തുവിനേ നമുക്ക് ജീവനായിരിക്കുവാനും, നമ്മെ പോഷിപ്പിക്കുവാൻ അപ്പമായിരി

ക്കുവാനും കഴിയുകയുള്ളൂ. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ ആണ് നാം ഭക്ഷിക്കുന്നത്.

### *2. അഞ്ച് ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നു*

അഞ്ച് എന്ന അക്കം ഉത്തരവാദിത്വത്തെ, നമ്മെ പോഷിപ്പിക്കുന്നതിലുള്ള ക്രിസ്തുവിന്റെ ഉത്തരവാദിത്വത്തെ, സൂചിപ്പിക്കുന്നു. നാലും ഒന്നും കൂടുമ്പോൾ കിട്ടുന്നതാണ് അക്കം അഞ്ച്. അക്കം നാല്, സൃഷ്ടികളെയും(വെളി. 4:6), അക്കം ഒന്ന്, സ്രഷ്ടാവിനെയും(1 കൊരി. 8:6) പ്രതിനിധാനം ചെയ്യുന്നു. സ്രഷ്ടാവും സൃഷ്ടികളും കൂടിച്ചേർന്ന് ഉത്തരവാദിത്വം എടുക്കുന്നു. അക്കം അഞ്ച്, രൂപപ്പെടുന്നത് മൂന്നും രണ്ടും ചേർന്നല്ല, മറിച്ച് നാലും ഒന്നും ചേർന്നാണ്. നിങ്ങളുടെ കയ്യിലേക്ക് നോക്കൂ. അതിന് നാല് വിരലുകളും ഒരു തള്ളവിരലും ഉണ്ട്. നിങ്ങളുടെ കൈക്ക് മൂന്ന് വിരലുകളും രണ്ട് തള്ളവിരലുകളുമാണ് ഉണ്ടായിരുന്നതെങ്കിൽ അത് വളരെ വികൃതമായിരിക്കുമായിരുന്നു. നാലു വിരലുകളും ഒരു തള്ളവിരലും അനേക കാര്യങ്ങൾ ചെയ്യുവാൻ കൈയെ സഹായിക്കുന്നു. കർത്താവ്, സ്രഷ്ടാവ്(ഒന്ന്) എന്ന നിലയിൽ ജീവികളുമായി (നാല്)ചേർന്ന് നമ്മെ പോഷിപ്പിക്കുവാനുള്ള ഉത്തരവാദിത്വം വഹിക്കുന്നു എന്നാണ് അഞ്ച് യവത്തപ്പം സൂചിപ്പിക്കുന്നത്. പുനരുത്ഥാനം ചെയ്തവനായ ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ, ഈ ഉത്തരവാദിത്വം വഹിക്കുന്നു.

Wed —

### F. രണ്ടു മീൻ ക്രിസ്തുവിന്റെ ജീവന്റെ വീണ്ടെടുക്കുന്ന വശം സൂചിപ്പിക്കുന്നു

ജന്തുജീവനിൽ നിന്നുള്ളതായ രണ്ടു മീൻ, ക്രിസ്തുവിന്റെ ജീവന്റെ വീണ്ടെടുക്കുന്ന വശം സൂചിപ്പിക്കുന്നു. വീണ്ടെടുക്കുന്ന ജീവനെന്ന നിലയിൽ, അവൻ കടലിൽ, സാത്താൻ ദുഷിപ്പിച്ച ലോകത്തിൽ, ജീവിക്കുന്നു. ദൈവം സൃഷ്ടിച്ചതായ ഭൂമിയെ പ്രതിനിധാനം ചെയ്യുന്ന നിലത്തുനിന്ന് യവം കിളിർത്തുവരുമ്പോൾ, സാത്താൻ ദുഷിപ്പിച്ച ലോകത്തെ സൂചിപ്പിക്കുന്നതായ കടലിൽനിന്ന് മീനുകൾ വരുന്നു. കർത്താവായ യേശു ദൈവം സൃഷ്ടിച്ചതായ ഭൂമിയിലേക്കു മാത്രമല്ല, സാത്താൻ ദുഷിപ്പിച്ച ലോകത്തിലേക്കും വന്നു. ദൈവം സൃഷ്ടിച്ചതായ ഭൂമിയിലേക്ക് മാത്രമായിരുന്നു അവൻ വന്നിരുന്നതെങ്കിൽ അവനെ യവത്തപ്പം മാത്രമേ പ്രതിനിധാനം ചെയ്യുമായിരുന്നുള്ളൂ. എന്നാൽ സാത്താൻ ദുഷിപ്പിച്ച ലോകത്തിലേക്കും അവൻ വന്നതിനാൽ, രണ്ടു മീനും അവനെ പ്രതിനിധാനം ചെയ്യുന്നു. അവന് ദുഷിച്ചുപോയ ലോകത്തോട് ഒരു കാര്യവുമില്ലായിരുന്നു. മത്സ്യം ഉപ്പുവെള്ളത്തിലാണ് ജീവിക്കുന്നതെങ്കിലും അതിന് ഉപ്പില്ലാത്തതുപോലെ, സാത്താൻ ദുഷിപ്പിച്ച ലോകത്തിലായിരുന്നു കർത്താവ് ജീവിച്ചതെങ്കിലും അവനെ സാത്താൻ ദുഷിപ്പിച്ചില്ല. കടലിലെ, ഉപ്പുള്ള സാഹ

ചര്യത്തിൽ ജീവിച്ചിട്ടും അതിനാൽ ഉപ്പുള്ളതാകാതെ ജീവിക്കാനാകുന്ന മത്സ്യത്തെപ്പോലെയാണ് കർത്താവും. നമ്മെ വീണ്ടെടുക്കുന്നതിനുവേണ്ടി അവൻ സാത്താന്യവും പാപം നിറഞ്ഞതുമായ ലോകത്തിൽ ജീവിച്ചു. എന്നിരുന്നാലും, അവൻ പാപരഹിതനും പാപം നിറഞ്ഞ ലോകം ബാധിക്കാത്തവനും ആയിരുന്നു. ജനിപ്പിക്കുന്ന ജീവനെന്ന നിലയിൽ, ദൈവസൃഷ്ടമായ ഭൂമിയിൽ ശരിയായ ഒരു മനുഷ്യനായി ക്രിസ്തു ജീവിച്ചു. വീണ്ടെടുക്കുന്ന ജീവനെന്ന നിലയിൽ, സാത്താൻ ദുഷിപ്പിച്ച ലോകത്തിൽ അതിന്റെ ദോഷമേൽക്കാതെ ക്രിസ്തു ജീവിച്ചു.

അക്കം രണ്ട്, സാക്ഷ്യത്തെ സൂചിപ്പിക്കുന്നു(വെളി.11:3). നമ്മെ പോഷിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം വഹിക്കുവാൻ ക്രിസ്തു ശേഷിയുള്ളവനാണെന്നതിന്റെ സാക്ഷ്യമാണ് രണ്ടു മീൻ.

സസ്യജീവനിൽനിന്നുള്ള യവം ജനിപ്പിക്കുന്ന ജീവനെയും, ജന്തുജീവനിൽ നിന്നുള്ള മീൻ വീണ്ടെടുക്കുന്ന ജീവനെയും, പ്രതിനിധാനം ചെയ്യുന്നു എന്നു നാം കണ്ടു. മനുഷ്യരാശി ഒരിക്കലും വീണുപോയിരുന്നില്ലങ്കിൽ, വീണ്ടുംജനിപ്പിക്കുന്ന നമ്മുടെ ജീവനെന്ന നിലയിൽ ക്രിസ്തു ആവശ്യമായിരുന്നുവോ എന്ന്, നാമിപ്പോൾ ആരായണം. അതേ, ആദാമിന്റെ വീഴ്ചയ്ക്കു മുമ്പ്, ദൈവം അവനെ ജീവവൃക്ഷത്തിന് മുമ്പിൽ നിറുത്തി. ജീവവൃക്ഷത്തിന് പാപവുമായി ഒരു ബന്ധവും ഇല്ലായിരുന്നു. അതുകൊണ്ട്, ജീവവൃക്ഷത്തിൽനിന്ന് ഭക്ഷിച്ച് തന്റെ ജീവനായി ദൈവത്തെ മനുഷ്യൻ സ്വീകരിക്കണമായിരുന്നു. നിലത്തു വീണുമരിച്ച ഏക ഗോതമ്പുമണിയായിരുന്നു കർത്താവെന്നും തുടർന്ന് അനേക മണികളാകുവാൻ അവൻ ഉയിർപ്പിക്കപ്പെട്ടു എന്നും യോഹന്നാൻ 2:24-ലും പറയുന്നു. ഇതിനും പാപവുമായി യാതൊരു ബന്ധവുമില്ല, കാരണം തിരുവെഴുത്തുകളിൻപ്രകാരം സസ്യജീവൻ, കൂടുതൽ ഫലം ഉത്പാദിപ്പിക്കുവാനും ജനിപ്പിക്കുവാനും ഉള്ളതാണ്. ഒരു ഗോതമ്പുമണി മറ്റനേകം മണികൾ കായിക്കുന്നു. അതുകൊണ്ട്, ജനിപ്പിക്കുന്ന ജീവനെ അത് പ്രതിനിധാനം ചെയ്യുന്നു.

നാം കണ്ടതുപോലെ, മനുഷ്യൻ വീഴുന്നതിനു മുമ്പ്, അവൻ സസ്യജീവനിൽനിന്നു മാത്രം ഭക്ഷിച്ചു(ഉല്പ.1:29); എന്നാൽ വീണുപോയതിനുശേഷം ജന്തുജീവനിൽനിന്നും അവൻ ഭക്ഷിച്ചു(ഉല്പ.9:3). വീഴ്ചയ്ക്ക് മുമ്പ് രക്തം ചൊരിയേണ്ട ആവശ്യം ഇല്ലായിരുന്നു. എന്നാൽ മനുഷ്യൻ വീണുപോയതിനുശേഷം അവന് ജന്തുജീവൻ ആവശ്യമായി വന്നു, കാരണം വീണ്ടെടുപ്പിന് രക്തം ചൊരിയേണ്ടത് ആവശ്യമാണ്. മനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പ് സസ്യജീവൻ മതിയായിരുന്നു; എന്നാൽ അവൻ പാപം ചെയ്തശേഷം ജന്തുജീവൻ ആവശ്യമായി വന്നു.

പഴയനിയമത്തിലെ യാഗങ്ങൾക്ക് എപ്പോഴും സസ്യജീവനും ജന്തുജീവനും ഉണ്ടായിരുന്നു. ഉദാഹരണമായി, പെസഹയ്ക്ക് ജന്തുജീവനെ പ്രതിനിധാനം ചെയ്യുന്ന അറുക്കപ്പെട്ട കുഞ്ഞാടും, സസ്യജീവനെ പ്രതിനിധാനം ചെയ്യുന്ന പുളിപ്പില്ലാത്ത അപ്പവും, ഉണ്ടായിരുന്നു. നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ ഈ രണ്ട് ജീവനും ആവശ്യമാണ്. ലേവ്യപുസ്തകത്തിലെ മാംസയാഗങ്ങളോടൊപ്പം ഭോജനയാഗം ഉണ്ടായിരുന്നു. ഭോജനയാഗങ്ങൾ, സസ്യജീവനിലെ ഇനങ്ങളായ നേരിയ മാവ്, സസ്യഎണ്ണ, കുന്തിരിക്കം എന്നിവ ചേർന്നുള്ളതായിരുന്നു. ലേവ്യപുസ്തകത്തിൽ മാംസയാഗങ്ങൾ ഇല്ലാതെ ഭോജനയാഗങ്ങൾ ഒരിക്കലും അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല. അതുതന്നെയാണ് കയീൻ ചെയ്തത്. അവൻ സസ്യങ്ങൾ മാത്രം അർപ്പിക്കുകയും അവൻ നിരസിക്കപ്പെടുകയും ചെയ്തു. അതേസമയം, അവന്റെ സഹോദരൻ ഹാബേൽ ഒരു മൃഗത്തിന്റെ രക്തം ചൊരിഞ്ഞ് അതിനെ അർപ്പിക്കുകയും, അവൻ അംഗീകരിക്കപ്പെടുകയും ചെയ്തു(ഉല്പ.4:3-5).

നമ്മെ ജനിപ്പിക്കുന്ന ജീവനായും, നമ്മെ വീണ്ടെടുക്കുന്ന ജീവനായും, നമുക്ക് കർത്താവായ യേശുവിനെ ആവശ്യമാണ്. ക്രൂശിന്മേലുള്ള അവന്റെ മരണത്താൽ രണ്ടു കാര്യം അവനിൽനിന്ന് പുറത്തുവന്നു-നമ്മെ വീണ്ടെടുക്കുവാൻ രക്തവും, നമ്മെ ജനിപ്പിക്കുവാൻ വെള്ളവും(യോഹ.19:34). ചൊരിയപ്പെട്ട അവന്റെ രക്തം നമുക്ക് വീണ്ടെടുപ്പ് കൊണ്ടുവരുകയും, മുറിവേറ്റ അവന്റെ വിലാപ്പുറത്തുനിന്നുള്ള വെള്ളം നമുക്ക് അവന്റെ ജീവൻ പകർന്നു നൽകുകയും ചെയ്തു. അഞ്ച് യവത്തപ്പത്തോടൊപ്പം രണ്ടു മീനും ഉണ്ടായിരുന്നു. യവത്തിന് രക്തം ചൊരിയുവാൻ കഴിയുകയില്ല. അതുകൊണ്ട്, അതിനൊരിക്കലും നമ്മെ വീണ്ടെടുക്കാനാവുകയില്ല. രണ്ടു മീൻ, വീണ്ടെടുപ്പിനുവേണ്ടിയുള്ള ജന്തുജീവനെ പ്രതിനിധാനം ചെയ്യുന്നു. കർത്താവിനെ യവത്തപ്പവും മീനും, പ്രതിനിധാനം ചെയ്യുന്നു. കാരണം അവൻ, നമ്മെ ജനിപ്പിക്കുവാൻ നമ്മുടെ സസ്യജീവനും, നമ്മെ വീണ്ടെടുക്കുവാൻ നമ്മുടെ ജന്തുജീവനുമാണ്.

## G. അപ്പവും മീനും നമ്മുടെ ജീവസഹായമായ ക്രിസ്തുവിന്റെ ചെറുപ്പത്തെ സൂചിപ്പിക്കുന്നു

അഞ്ച് യവത്തപ്പവും രണ്ടു മീനും ഒരു വലിയ മനുഷ്യനിൽനിന്നല്ല, ഒരു ചെറിയ കുട്ടിയിൽനിന്ന് ലഭിച്ചു എന്നത് വളരെ കൗതുകകരമാണ്. ഇത് വളരെ അർത്ഥവത്താണ്, കാരണം കർത്താവ് നമ്മുടെ ജീവനായിരിക്കുന്നത് വലിയ ഒരുവനായിട്ടല്ല, എന്നാൽ ചെറിയ ഒരുവനായിട്ടാണ് എന്ന് ചൂണ്ടിക്കാണിക്കുവാൻ അവൻ ആഗ്രഹിക്കുന്നു.

നമ്മുടെ ജീവസഹായമായ ക്രിസ്തുവിന്റെ ചെറുപ്പം സൂചിപ്പിക്കുന്ന ചെറിയ കാര്യങ്ങളാണ് യവത്തപ്പവും മീനും. അത്ഭുതങ്ങൾ ആരായുന്ന ജനം അവനെ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകനായി കണക്കാക്കുകയും(6:14; ആവ.18:15,18), അവനെ തങ്ങളുടെ രാജാവാക്കുവാൻ നിർബന്ധിക്കുകയും ചെയ്തു(6:15); എന്നാൽ അവൻ മതത്തിലെ ഒരു അതികായന്റെ സ്ഥാനം ഏറ്റെടുക്കുവാൻ ആഗ്രഹിച്ചില്ല. അതിനെക്കാൾ, ജനത്തിന് ഭക്ഷിക്കുവാൻ തക്കവിധം ചെറുതായി ചെറിയ അപ്പവും ചെറിയ മീനും ആയിരിക്കുവാൻ അവൻ താൽപര്യപ്പെട്ടു. ഇവയെല്ലാം ക്രിസ്തുവിന്റെ ചെറുപ്പത്തെ വെളിപ്പെടുത്തുന്നു. അവൻ നമുക്ക് ഭക്ഷിക്കത്തക്കവണ്ണം ചെറുതാണ്. നാം ഭക്ഷിക്കുന്നതെല്ലാം നമ്മെക്കാൾ ഗണ്യമായി ചെറുതായിരിക്കണം. നാം കഴിക്കുന്ന അപ്പത്തെക്കാളും മീനിനെക്കാളും വളരെ വലിയതാണ് നാം. നമ്മെക്കാളും വലിയ ഒന്നിനെ നമുക്ക് ഭക്ഷിക്കുവാനാകില്ല. അത് നമ്മെക്കാളും വലിയതാണെങ്കിൽ, അതിന് നമ്മെ ഭക്ഷിക്കുവാൻ കഴിയും. നാം കഴിക്കുന്നതെല്ലാം നമ്മുടെ വായെക്കാളും ചെറുതാണ്. അത് നമ്മുടെ വായെക്കാൾ വലുതാണെങ്കിൽ, ആദ്യം അത് കക്ഷണങ്ങളായി മുറിക്കപ്പെടണം. ഒരു ചെറിയ കുട്ടി അഞ്ച് അപ്പവും രണ്ടു മീനും കൊണ്ടുവന്നു. ഇതിനർത്ഥം കർത്താവായ യേശുവിന്റെ ചെറുപ്പം നമുക്ക് വളരെ വിലയേറിയതാകുന്നു എന്നാണ്.

നാം ഉൾപ്പെടെ, മിക്ക ക്രിസ്ത്യനികളും, എപ്പോഴും കർത്താവിനെ വലിയ ഒരുവനായി കരുതുന്നു. എന്നാൽ യോഹന്നാൻ 6-ൽ കർത്താവായ യേശു വലിയവനായിരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഭക്ഷിക്കത്തക്കവിധം ചെറുതായിരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. “അങ്ങ് എത്ര വലിയവൻ ആണ് (**How great Thou art**),”എന്നു പറയുന്ന ഒരു ഗീതമുണ്ട്. എന്നാൽ കർത്താവിനെ അവന്റെ ചെറുപ്പത്തിനായി സ്തുതിക്കുന്ന മാധുര്യമേറിയ ഒരു ഗീതം നമുക്കുണ്ട്. കർത്താവ് വലിയവൻ മാത്രമായിരുന്നുവെങ്കിൽ, നമുക്കൊരിക്കലും അവനെ സ്പർശിക്കുവാൻ കഴിയുമായിരുന്നില്ല. അവൻ വളരെ ചെറിയവനായിത്തീർന്നിരിക്കുന്നതിനാൽ അവനെ സ്തുതിക്കുക! ഒരുപക്ഷേ, നിങ്ങൾ അനേക വർഷമായി ഒരു ക്രിസ്ത്യാനിയാണ്, എന്നാലും കർത്താവ് എത്ര ചെറിയവനാണെന്ന് തിരിച്ചറിയുന്നതിൽ നിങ്ങൾ പരാജയപ്പെട്ടുമിരിക്കാം. കർത്താവിനെ ഒരു വലിയ പ്രവാചകനായി കരുതുന്നത് മതപരമായ ഒരു ചിന്ത മാത്രമാണ്. കർത്താവ് ഒരു വലിയ പ്രവാചകനാവുകയും ഒരു വലിയ രാജാവായി വാഴിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ, അവനൊരിക്കലും ചെറിയ അപ്പക്കഷണമായിരിക്കുവാൻ കഴിയുകയില്ലായിരുന്നു. നമ്മുടെ ഭോജന സഹായമായിരിക്കുവാൻ അവന് കഴിയുമായിരുന്നില്ല. നമ്മുടെ ഭക്ഷണമാകുവാൻ കഴിയുന്ന

തിനു മുമ്പ്, ആദ്യം അവൻ ചെറുതാകണമായിരുന്നു. അങ്ങനെ, ഒരു ചെറിയ കുട്ടി കൊണ്ടുവന്ന അഞ്ച് ചെറിയ യവത്തപ്പവും രണ്ടു ചെറിയ മീനും അവന് അടയാളമായിത്തീർന്നു. കർത്താവിന്റെ വലിപ്പം പോലെതന്നെ അവന്റെ ലഘുത്വവും നമ്മിൽ മതിപ്പുളവാക്കണം. അവൻ ജനിച്ചതുപോലും ഒരു ചെറിയ പുൽക്കൂട്ടിലായിരുന്നു, ഒരു ചെറിയ പട്ടണത്തിൽ സംരക്ഷിക്കപ്പെടുകയും ഒരു താണ കുടുംബത്തിൽ വളർത്തപ്പെടുകയും ചെയ്തു. മതത്തിന്റെ അതികായനാകുവാൻ അവൻ വന്നില്ല. മഹത്വത്തോടോ വലിപ്പത്തോടോ യാതൊരു ബന്ധവുമില്ലാത്ത ഒരു ചെറിയ നസറായനായിരുന്നു അവൻ. അവൻ എത്രയോ ചെറിയവനാണ്!

ഒരു കഷണം അപ്പത്തെക്കാൾ നിങ്ങൾ വലുതാണോ ചെറുതാണോ? ഒരു കഷണം അപ്പം ചെറുതാണെന്ന് തീർച്ചയായും നിങ്ങൾക്ക് സമ്മതിക്കേണ്ടി വരും. കർത്താവ് നിങ്ങളുടെ അടുത്ത് വരുന്നത് ജീവന്റെ അപ്പത്തിന്റെ ഒരു കഷണമായിട്ടായതുകൊണ്ട്, നിങ്ങൾ അവനോട് ഇങ്ങനെ പറയണം,"കർത്താവേ, നീ എന്നെക്കാൾ ചെറുതായിരിക്കയാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. ഇപ്പോൾ നിനക്ക് എന്റെ ഭക്ഷണമായിരിക്കുവാൻ കഴിയും. നീ എന്നെക്കാൾ വലിയവനായിരുന്നുവെങ്കിൽ, നിനക്കൊരിക്കലും എന്റെ ഭക്ഷണമാകുവാൻ കഴിയുമായിരുന്നില്ല."നമ്മുടെ കർത്താവിന്റെ വലിപ്പത്തെ സംബന്ധിച്ചിടത്തോളം, തീർച്ചയായും, അവനെക്കാൾ വലിയവൻ ആരുമില്ല. എന്നാൽ നമ്മുടെ കർത്താവിന്റെ ചെറുപ്പത്തെ സംബന്ധിച്ചിടത്തോളം അവനെക്കാൾ ചെറിയവനായി ആരുമില്ല എന്നതും നമ്മിൽ മതിപ്പുളവാക്കണം. നമുക്ക് ഭക്ഷിക്കുവാൻ തക്കവണ്ണം അവൻ ചെറിയ അപ്പമാണ്.

മത്തായി 15-ൽ, കർത്താവ് അപ്പം മാത്രമല്ല, ഒരു അപ്പത്തിന്റെ ചെറിയ കഷണങ്ങളായ നുറുക്കുകൾപോലും ആയിത്തീർന്നു എന്നു നാം കാണുന്നു. നമ്മിൽ അനേകരും അപ്പമായി അവനെ ഭക്ഷിക്കുവാൻ യോഗ്യരല്ലായിരുന്നു. എന്നിരുന്നാലും, അവനെ നുറുക്കുകളായി കഴിക്കുവാൻ നാം തീർച്ചയായും യോഗ്യരാണ്. കനാന്യസ്ത്രീ കർത്താവിനോട് തന്നെ സഹായിക്കുവാൻ ആവശ്യപ്പെടുകയും"മക്കളുടെ അപ്പം എടുത്ത് നായ്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല" എന്ന് അവൻ അവളോട് പറയുകയും ചെയ്തപ്പോൾ, അവൾ കർത്താവിനോട് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടോ?"അതേ, കർത്താവേ, നായ്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ"എന്നു അവൾ പറഞ്ഞു(മത്താ.15:27). കർത്താവിന്റെ കഠിനവാക്കുകളാലും താൻ അവളെ ഒരു നായ് എന്ന് പരാമർശിക്കുകയാലും കനാന്യസ്ത്രീ വ്യസനിച്ചില്ല. അവൾ കർത്താവിനോട്

ഇങ്ങനെ പറയുന്നതായി തോന്നി,"അതേ, കർത്താവേ, ഞാനൊരു വിജാതീയ നായ് ആണ്, എന്നാൽ വിജാതീയ നായ്ക്കും അതിന്റെ പങ്ക് ഉണ്ട്. മക്കളുടെ സ്ഥാനം മേശയിലാണ്, നായുടെ സ്ഥാനം മേശയുടെ കീഴിലും. കർത്താവേ, അങ്ങിപ്പോൾ മേശയിലല്ല, പിന്നയോ, മേശയുടെ കീഴിലാണ് എന്ന് അങ്ങ് മനസ്സിലാക്കണം. കാരണം, വികൃതികളായ മക്കൾ അങ്ങയെ പുറത്തു തള്ളിക്കളഞ്ഞു. അങ്ങിപ്പോൾ മേശയുടെ കീഴിൽ ആയതുകൊണ്ട്, അങ്ങേയ്ക്ക് എന്റെ പങ്കാകുവാൻ കഴിയും."കർത്താവ് അവളുടെ വിശ്വാസത്തെ ആദരിച്ചു. നാമെല്ലാം കർത്താവിനെ ഇപ്രകാരം താഴ്മയോടെ ആസ്വദിക്കണം. അവനെ ആസ്വദിക്കുന്നതിന് സ്വർഗ്ഗത്തിലേക്ക് പോകുവാൻ കാത്തിരിക്കരുത്. അവനിപ്പോൾ ആയിരിക്കുന്ന മേശയുടെ കീഴെതന്നെ അവനെ നേടുക. ഭൂമിയിൽ അവൻ വളരെ ചെറിയവനും ലഭ്യനും ആയിരിക്കുന്നതുകൊണ്ട്, കർത്താവിന് സ്തോത്രം! നമ്മുടെ വിശപ്പ് അനുസരിച്ച് ഏതു നേരത്തും അവൻ ലഭ്യനാണ്. എന്നാൽ, നമുക്കവനെ എത്രത്തോളം സ്വീകരിക്കുവാൻ കഴിയുന്നുവോ, അവൻ നമുക്ക് അത്രത്തോളം ആയിരിക്കും. ശേഷിപ്പ് എല്ലായ്പ്പോഴും നമുക്ക് ഭക്ഷിക്കാവുന്നതിലധികമാണ്.

## H. പന്ത്രണ്ട് കുട്ടകൾ ക്രിസ്തുവിന്റെ ജീവസഹായത്തിന്റെ ഐശ്വര്യങ്ങളുടെ കവിഞ്ഞൊഴുക്കിനെ സൂചിപ്പിക്കുന്നു

ഈ അദ്ധ്യായം കർത്താവിന്റെ ലഘുത്വം മാത്രമല്ല, കർത്താവിന്റെ ഐശ്വര്യങ്ങളെയും വെളിവാക്കുന്നു. വെറും അഞ്ച് അപ്പം, അയ്യായിരം ആളുകളെ പോഷിപ്പിക്കുവാൻ തക്കവണ്ണം സമ്പന്നമായിരുന്നു. ശേഷിച്ച പന്ത്രണ്ട് കുട്ടകൾ, ജനത്തെ ആയിരം തവണയിലധികം പോഷിപ്പിച്ചതായ, ക്രിസ്തുവിന്റെ ജീവസഹായത്തിന്റെ ഐശ്വര്യങ്ങളുടെ കവിഞ്ഞൊഴുക്കിനെ സൂചിപ്പിക്കുന്നു. അഞ്ച് യവത്തപ്പം അയ്യായിരം പേരെ പോഷിപ്പിച്ചതിന്റെ അർത്ഥം അത് അവരെ ആയിരം വട്ടം പോഷിപ്പിച്ചു എന്നാണ്. തിരുവെഴുത്തുകളിൻ പ്രകാരം അക്കം ആയിരം, ഒരു പൂർണ്ണ അളവിനെ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, കർത്താവിന്റെ പ്രാകാരത്തിലുള്ള ഒരു ദിവസം ആയിരം ദിവസത്തെക്കാൾ ഉത്തമമാണ്(സങ്കീ.84:10). ആയിരം ഒരു പൂർണ്ണ അളവാണ്. അതുകൊണ്ട്, അഞ്ച് അപ്പത്തിന് അയ്യായിരം പേരെ നിറയ്ക്കുവാനാകും. എത്ര സമ്പന്നനും എത്ര അളവറ്റവനുമാണ് കർത്താവ് എന്ന് ഇത് വെളിപ്പെടുത്തുന്നു. ജനക്കൂട്ടത്തിന് തങ്ങൾക്ക് ആവോളം ഭക്ഷിക്കുവാൻ കഴിഞ്ഞു, കാരണം വിതരണം അളവറ്റതായിരുന്നു. രണ്ടു മീൻ പോലും എല്ലാവർക്കും വേണ്ടുവോളമായിരുന്നു.

പന്ത്രണ്ട് കുട്ട കഷണങ്ങൾ ശേഷിച്ചു. അഞ്ചോ എട്ടോ പതിനൊന്നോ കുട്ട ശേഷിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു? കാരണം, അക്കം പന്ത്രണ്ട്, നിത്യമായ പൂർണ്ണതയെയും നിത്യമായ തികവിനെയും സൂചിപ്പിക്കുന്നു. ഇതിനർത്ഥം കഷണങ്ങൾപോലും നിത്യമായി പൂർണ്ണവും നിത്യമായി തികഞ്ഞതുമാകുന്നു എന്നാണ്. ചെറിയ കഷണമാക്കപ്പെട്ട ക്രിസ്തുപോലും, ഒരിക്കലും തീർന്നുപോകാത്ത ഐശ്വര്യങ്ങൾ നിറഞ്ഞവനാണ്. അവൻ വളരെ ചെറിയവനും, അതേസമയം അളവറ്റവനും ആണ്. നിങ്ങൾ എപ്പോഴെങ്കിലും അവന്റെ ലഘുത്വത്തെ അവന്റെ അളവില്ലായ്മയുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ? അവൻ ചെറിയ നസറായനാണ്, എന്നിരുന്നാലും അവൻ സകല തലമുറകളെയും പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. അവൻ ഒരിക്കലും കുറഞ്ഞിട്ടില്ല. അയ്യായിരം പേരെ പോഷിപ്പിക്കുന്നതിനു മുമ്പ്, അവിടെ അഞ്ച് അപ്പവും രണ്ടു മീനും ഉണ്ടായിരുന്നു; അയ്യായിരം പേരെ പോഷിപ്പിച്ചതിനു ശേഷം പന്ത്രണ്ട് കുട്ട ബാക്കിയായി. അതുകൊണ്ട്, അയ്യായിരം പേരെ പോഷിപ്പിച്ചതിനു ശേഷം ആരംഭത്തിൽ ഉണ്ടായിരുന്നതിനെക്കാൾ അധികം ശേഷിച്ചു. ഇത് ക്രിസ്തുവിന്റെ ഐശ്വര്യങ്ങളെ ചിത്രീകരിക്കുന്നു, കാരണം ജനക്കൂട്ടത്തെ പോഷിപ്പിച്ചതിനു ശേഷം എപ്പോഴും കുറെ ശേഷിക്കുന്നു.

ഇരുപത് നൂറ്റാണ്ടുകളായി, ക്രിസ്തു ആയിരക്കണക്കിന് ജനത്തെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്ന്, ഇപ്പോഴും അവൻ സമ്പന്നനാണ്, കാരണം ഇപ്പോഴും പന്ത്രണ്ട് കുട്ട നിറയെ ഉണ്ട്. ക്രിസ്തുവിന്റെ ചെറുപ്പത്തിന്റെ ഐശ്വര്യങ്ങളെ സംബന്ധിച്ച വെളിപ്പാട് നമുക്കാവശ്യമാണ്. രൂപത്തിൽ, അവൻ അഞ്ച് അപ്പവും രണ്ടു മീനും ആണ്. എന്നിരുന്നാലും, ആയിരക്കണക്കിന് ആളുകൾ ഇരുപത് നൂറ്റാണ്ടുകളായി അവനെ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. അവൻ ഇപ്പോഴും ഇവിടെയുണ്ട്. അവന് ഒരിക്കലും കുറയുവാനോ തീർന്നുപോകുവാനോ കഴിയുകയില്ല. രൂപത്തിലുള്ള അവന്റെ ചെറുപ്പത്തിനായും അളവില്ലാത്തതായ അവന്റെ ഐശ്വര്യങ്ങൾക്കായും നാം എത്രമാത്രം അവനെ സ്തുതിക്കണം!